# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കരട് രേഖ



## ചെല്ലാനം ഫിഷിങ്ങ് ഹാർബർ പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

*അർത്ഥാനാധികാരി*

**ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറ്, എറണാകുളം ഡിവിഷൻ, മുനമ്പം**

മാർച്ച് 15, 2018


*സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്*

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ., കളമശേരി
പിൻ: 683 104
ഫോൺ: 0484 2911330 – 332

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കരട് രേഖ



## ചെല്ലാനം ഫിഷിങ്ങ് ഹാർബർ പദ്ധതിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

*അർത്ഥാനാധികാരി*

**ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറ്, എറണാകുളം ഡിവിഷൻ, മുനമ്പം**

**മാർച്ച് 15, 2018**

*സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്*

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**രാജഗിരി. പി.ഒ., കളമശേരി**
**പിൻ: 683 104**
**ഫോൺ: 0484 2911330 – 332**

# ഉള്ളടക്കം


**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. ആമുഖം: പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും
1.2. സ്ഥലം
1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും
1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ
1.5. സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും
2.2. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ
2.3. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ
2.4. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ
2.5. പരിസ്ഥിതി ആഘാത വിലയിരുത്തൽ/ പ്രായോഗികതാ പഠന വിവരങ്ങൾ
2.6. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത
2.7. ആവശ്യമായ തൊഴിൽ ശക്തി
2.8. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം:**

3.1. പശ്ചാത്തലം
3.2. സാമൂഹ്യ പ്രത്യാഘാത നിർണ്ണയവും സാമൂഹ്യ പ്രത്യാഘാത മാനേജ്മെൻറ് പദ്ധതി തയ്യാറാക്കൽ പ്രക്രിയയും
3.3. ഡെസ്ക്ക് റിസർച്ച്
3.4. പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ
3.5. ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ
3.6. പദ്ധതി ബാധിത പ്രദേശം സന്ദർശനവും പദ്ധതി വിവരപ്രചരണവും
3.7. സാമൂഹ്യ-സാമ്പത്തിക സർവ്വേ
3.8. വിവരസമാഹരണവും പരിശോധനയും
3.9. വിവരങ്ങളുടെ വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും
3.10. സമൂഹവും പൊതുജനങ്ങളുമായുള്ള കൂടിയാലോചന

**അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. പശ്ചാത്തലം
4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം
4.3. വസ്തുവിവരപട്ടിക
4.4. പദ്ധതിയ്ക്കാവശ്യമായഭൂമി
4.5. പൊതുഭൂമിയുടെ ആവശ്യകത
4.6. പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി
4.7. പദ്ധതിയ്ക്കാവശ്യമായഭൂമി
4.8. പദ്ധതിപ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

**അദ്ധ്യായം 5 : കണക്കാക്കലും ഗണനവും**

5.1. ആമുഖം
5.2. പദ്ധതിയുടെ പ്രത്യാഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

5.3. പദ്ധതിയുടെ പരോക്ഷമായ പ്രത്യാഘാതം
5.4. ആഘാതബാധിത കുടുംബങ്ങൾ
5.5. ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

**അദ്ധ്യായം 6 : സാമൂഹ്യ സാമ്പത്തിക രൂപരേഖ**
6.1. ആമുഖം
6.2. ജനസംഖ്യാപരമായ വിശദാംശങ്ങൾ
6.3. വരുമാനവും ദാരിദ്ര്യരേഖയും
6.4. ദുർബലവിഭാഗം
6.5. ഭൂമിയുടെ ഉപയോഗവും ഉപജീവനവും

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം**
7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം
7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ
7.3. നിയമത്തിൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ
7.4. ഭൂമി ആവശ്യപ്പെടുന്ന സ്ഥാപനം നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ
7.5. പ്രത്യഘാതത്തിന്റെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്താവുന്ന മാറ്റങ്ങൾ
7.6. ആഘാതം കുറയ്ക്കുവാനുള്ള വിശദമായ പ്ലാൻ

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ ബഡ്ജറ്റ്**
9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്
9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും
9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10 :സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**
10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ
10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും
10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും കോട്ടങ്ങളും – അപഗ്രഥനം**

**ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം**

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. ആമുഖം: പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കേരള സംസ്ഥാനത്തിൽ ഉൾപ്പെടുന്ന 9 തീരദേശജില്ലകളിൽ 590 കി.മീ. തീരപ്രദേശങ്ങളാണ്. സംസ്ഥാനത്തെ തീരപ്രദേശങ്ങളെല്ലാം ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ്. സംസ്ഥാനത്തിൻെറ സാമ്പത്തിക രംഗത്ത് മത്സ്യവ്യവസായം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദക്ഷിണ-പശ്ചിമ തീരപ്രദേശങ്ങളിലെ മത്സ്യവിഭവങ്ങളെക്കുറിച്ച് ലഭ്യമായ കണക്കുകൾ വെളിപ്പെടുത്തുന്നത് ദേശീയ തലത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന സമുദ്രവിഭവങ്ങളിൽ 20–25%-വും സമൃദ്ധമായ മത്സ്യസമ്പത്തുള്ള കേരളത്തിലാണ് ഉത്പ്പാദിപ്പിക്കപ്പെടുന്നത് എന്നാണ്. സംസ്ഥാനത്തെ 223 തീരദേശഗ്രാമങ്ങളിലായ് 177068 സ്ജീവ മത്സ്യതൊഴിലാളികളുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധനബോട്ടുകളിൽ 50% വും യന്ത്രവൽകൃത ബോട്ടുകളാണ്.

കേരളത്തിലെ തീരദേശങ്ങൾ സംസ്ഥാനത്തിന് അനുഗ്രഹമാണെങ്കിലും മണ്ണൊലിപ്പുമൂലം കരഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സത്വരശ്രദ്ധ ആവശ്യമായ ഗൗരവമേറിയ വിഷയമാണ്. മത്സ്യബന്ധനവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തീരപ്രദേശങ്ങളിൽ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നു. മത്സ്യബന്ധനത്തിന് അനുകൂലമായ കാലയളവിൽ തങ്ങളുടെ മത്സ്യബന്ധന ബോട്ടും മറ്റ് അനുബന്ധ ഉപകരണങ്ങളും കരയിൽ സുരക്ഷിതമായ് സൂക്ഷിക്കപ്പെടണമെന്നും മത്സ്യബന്ധനം തടസ്സങ്ങളില്ലാതെ നടക്കണമെന്നും മത്സ്യതൊഴിലാളികൾ ആഗ്രഹിക്കുന്നു. ആധുനിക സൗകര്യങ്ങളുള്ള ബോട്ടുകൾ പ്രചാരത്തിൽ വരുത്തുക, മത്സ്യസംസ്കരണവും വിപണനവും കൂടാതെ ബോട്ടുകൾ കരയ്ക്കടുപ്പിക്കുവാനുള്ള സൗകര്യവും കരയിലെ മറ്റ് അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുക എന്നത് മത്സ്യവ്യവസായത്തിൻെറ ആസൂത്രിതമായ വികസനത്തിന് അനുപേക്ഷണീയമായ മുൻ നടപടികളാണ്. മത്സ്യവ്യവസായമേഖല വികസിപ്പിക്കുന്നതിൻെറ ഭാഗമായി കേരളസർക്കാർ യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗത വഞ്ചികളും കരയിൽ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങളോടുകൂടിയ ഫിഷിങ്ങ്ഹാർബറുകളുടെയും ഫിഷ്ലാൻറിങ് സെൻററുകളുടെയും നിർമ്മാണപദ്ധതികൾ നടപ്പിലാക്കിവരുന്നു.

എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിങ്ങ് ഗ്യാപ്പിനെ എല്ലാസൗകര്യങ്ങളോടും കൂടിയ ഫിഷിങ്ങ് ഹാർബർ ആയി വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ഒടുമിക്ക ആളുകളും മത്സ്യമേഖലയെയും കൃഷിയെയും ആശ്രയിച്ച് ജീവിക്കുന്നവരാണ്. കായലിലും ആഴക്കടലിലും ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് ഇവർ മത്സ്യം പിടിക്കുന്നത്. യന്ത്രവത്കൃത ബോട്ടുകളും പരമ്പരാഗത വഞ്ചികളും എല്ലാ കാലാവസ്ഥയിലും സുരക്ഷിതമായ് കരയിൽ സൂക്ഷിക്കുന്നതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ പദ്ധതി മൂലം കഴിയും. മത്സ്യബന്ധന

ബോട്ടുകൾ കരയ്ക്കടുപ്പിക്കുവാൻ മതിയായ സൗകര്യങ്ങൾ, മത്സ്യങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുവാനും വിപണനത്തിനുമുള്ള സൗകര്യം, മണ്ണൊലിപ്പിൽ നിന്നും കരയെ സംരക്ഷിക്കൽ തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. മത്സ്യബന്ധന ബോട്ടുകളുടെ പ്രവർത്തന ചെലവ് കുറയുകയും അവയുടെ പ്രവർത്തി ദിനങ്ങൾ കൂടുകയും ചെയ്യും എന്നതിനാൽ പദ്ധതി ഈ മേഖലയിലെ സമൂഹ്യ-സാമ്പത്തിക മേഖലയിൽ ശുഭകരമായ ഫലമുളവാക്കും

രണ്ട് പുലിമുട്ടുകൾ, ഒരു തുറമുഖ മതിൽ, ലേലം നടത്തുവാനുള്ള ഹാൾ, കാര്യനിർവ്വഹണകാര്യാലയത്തിനുള്ള കെട്ടിടം, ലോക്കർ മുറികൾ, ശുചിമുറികൾ, പൊതു ശയനമുറി, റോഡും പാർക്കിങ് സൗകര്യവും, സംരക്ഷണ കവാടം, ഗേറ്റ് ഹൗസ് തുടങ്ങിയവയുടെ നിർമ്മാണവും കര സംരക്ഷണ പ്രവർത്തനങ്ങൾ, ജലവിതരണ സംവിധാനം, മലിനജലം ഒഴുകുവാനുള്ള സൗകര്യം മുതലായവ സജ്ജീകരിക്കുന്നതും ഈപദ്ധതിയുടെ വിവിധ ഘട്ടങ്ങളാണ്. രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി ആഗസ്റ്റ് 2010 ൽ പദ്ധതിയുടെ ആദ്യഘട്ടം രാജ്യത്തിന് സമർപ്പിച്ചുവെങ്കിലും കരയിലെ മറ്റ് നിർമ്മാണങ്ങളെല്ലാം ഇനിയും ചെയ്യേണ്ടിയിരിക്കുന്നു.

### 1.2. സ്ഥലം

തോപ്പുംപടി-ചെല്ലാനം സംസ്ഥാനപാതയിൽ നിന്നും 8.5 മീറ്റർ പടിഞ്ഞാറുമാറിയും ദേശീയപാത 47 ൽ എരമല്ലൂർ കവലയിൽ നിന്നും 8.5 കി.മീറ്റർ ദൂരത്തുമായി ചെല്ലാനം ഫിഷിങ്ങ് ഗ്യാപ്പ് സ്ഥിതിചെയ്യുന്നു..

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

നിർദ്ദിഷ്ട ചെല്ലാനം ഹാർബറിൻെറ നിർമ്മാണത്തിന് ആവശ്യമായത് 1.4692 ഹെക്ടർ ഭൂമിയാണ്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഒരു കുടുംബത്തെ പദ്ധതിയ്ക്കുവേണ്ടി ഒഴിപ്പിക്കേണ്ടിവരും.

### 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ഹാർബർ നിർമ്മിക്കേണ്ടത് പ്രകത്യാ ഉള്ള ഒരു ഫിഷിങ് ഗാപ്പിലാണ് എന്നതിനാലാണ് ചെല്ലാനം പഞ്ചായത്തിലെ കണ്ടൽക്കാട് ഫിഷിങ് ഗ്യാപ്പിൽ പ്രസ്തുത പദ്ധതി നിർദ്ദേശിക്കപ്പെട്ടത്. ആയതിനാൽ നിലവിൽ പരിഗണിക്കപ്പെട്ട പ്രദേശമല്ലാതെ മറ്റൊരു സ്ഥലവും പദ്ധതിയ്ക്ക് അനുയോജ്യമല്ല, കൂടാതെ ഹാർബറിൻെറ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയായികഴിഞ്ഞു. ആദ്യം നിർദ്ദേശിക്കപ്പെട്ട അലൈൻമെൻറ് അനുസരിച്ച് പ്രധാന നിരത്തിൽനിന്നും ഹർബറിലേയ്ക്ക് 8 മീറ്റർ വീതിയിൽ രണ്ടുവരി പാത നിർമ്മിക്കുന്നതിന് 9 കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിയിരുന്നു. ആയതിനാൽ അത്രയും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാനായി ആദ്യം പരിഗണിച്ച മാർഗ്ഗത്തിൽ നിന്നും 250 മീറ്റർ തെക്കോട്ടുമാറി വീതി 4 മീറ്ററായി കുറച്ച് ഒറ്റവരിപാത നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ടു. നിലവിലെ അലൈൻമെൻറ് അനുസരിച്ച് ഒരു കുടുംബത്തെമാത്രമേ പുനരധിവസിപ്പിക്കേണ്ടതുള്ളു. പ്രസ്തുത

കുടുംബത്തിൻെറ പുനരധിവാസത്തിനും ഹാർബർ എഞ്ചിനീയറിങ് ഡിവിഷൻെറ ഓഫീസ് നിർമ്മിക്കുന്നതിനും വേണ്ടി പ്രധാന നിരത്തിനോട് ചേർന്ന് 10 സെൻറ് ഭൂമിയും കൂടെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

നിർദ്ധിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികൾ മതിയാകും. പ്രസ്തുത നടപടികൾ വേഗത്തിലാക്കേണ്ടത് അഭികാമ്യം.

### സംഭവ്യമായ സാമൂഹിക ആഘാതങ്ങളുടെ വിശകലനവും അവയ്ക്കുള്ള ലഘൂകരണ നടപടികളും

| ക്രമ നമ്പർ | ആഘാതത്തിൻെറ തരം | സ്ഥിതി | നിർധിഷ്ട ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടൽ | 31 ഭൂമിയെ ബാധിക്കും | ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 പ്രകാരമുള്ള നഷ്ട പരിഹാരം നൽകുക |
| 2 | കെട്ടിടങ്ങൾക്കുണ്ടാകുന്ന നഷ്ടം | ഒരു വീട് പൊളിച്ചുമാറ്റേണ്ടി വരും | ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 പ്രകാരം പുനരധിവസിപ്പിക്കേണ്ടതുണ്ട് |
| 3 | ഉപയോഗയോഗ്യമായ വസ്തുക്കളുടെ നഷ്ടം | തെങ്ങ്, മാവ്, മഹാഗണി തുടങ്ങിയവ ഉൾപ്പടെയുള്ള മരങ്ങൾ നശിപ്പിക്കപ്പെടും. ഒരു കുടുംബത്തിൻെറ അടുക്കളത്തോട്ടവും | ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമു |

| | | | |
|---|---|---|---|
| | | നഷ്ടപ്പെടും | ള്ള നിയമം 2013 പ്രകാരമുള്ള നഷ്ട പരിഹാരം നൽകുക |
| **4** | ഉപജീവന മാർഗ്ഗത്തിനുണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| **5** | പൊതുജനോപകാര പ്രദമായ സേവനങ്ങളുടെ നഷ്ടം | ഇല്ല | ബാധകമല്ല |
| **6** | പൊതുഭൂമിക്കുണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| **7** | നാഗരിക സേവനങ്ങൾക്കും പൊതു വസ്തുക്കൾക്കും ഉണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| **8** | സാംസ്കാരിക വസ്തുക്കളുടെ നഷ്ടം | ഇല്ല | ബാധകമല്ല |
| **9** | ദുർബല വിഭാഗങ്ങളുടെ കുടിയൊഴിപ്പിക്കൽ | ഇല്ല | ബാധകമല്ല |
| **10** | മത സ്ഥാപനങ്ങൾ നഷ്ടമാകുന്നവ | ഇല്ല | ബാധകമല്ല |

കുറിപ്പ്: മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

കേരളത്തിലെ തീരദേശങ്ങൾ സംസ്ഥാനത്തിന് അനുഗ്രഹമാണെങ്കിലും മണ്ണൊലിപ്പുമൂലം കരഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സത്വരശ്രദ്ധ ആവശ്യമായ ഗൗരവമേറിയ വിഷയമാണ്. മത്സ്യബന്ധനവുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തീരപ്രദേശങ്ങളിൽ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നു. മത്സ്യബന്ധനത്തിന് അനുകൂലമായ കാലയളവിൽ തങ്ങളുടെ മത്സ്യബന്ധന ബോട്ടും മറ്റ് അനുബന്ധ ഉപകരണങ്ങളും കരയിൽ സുരക്ഷിതമായ് സൂക്ഷിക്കപ്പെടണമെന്നും മത്സ്യബന്ധനം തടസ്സങ്ങളില്ലാതെ നടക്കണമെന്നും മത്സ്യതൊഴിലാളികൾ ആഗ്രഹിക്കുന്നു. ആധുനിക സൗകര്യങ്ങളുള്ള ബോട്ടുകൾ പ്രചാരത്തിൽ വരുത്തുക, മത്സ്യസംസ് കരണവും വിപണനവും കൂടാതെ ബോട്ടുകൾ കരയ്ക്കടുപ്പിക്കുവാനുള്ള സൗക ര്യവും കരയിലെ മറ്റ് അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുക എന്നത് മത്സ്യവ്യവസായത്തിൻെറ ആസൂത്രിതമായ വികസനത്തിന് അനുപേക്ഷണീയമായ മുൻ നടപടികളാണ്. മത്സ്യവ്യവസായമേഖല വികസിപ്പിക്കുന്നതിൻെറ ഭാഗമായി കേരളസർക്കാർ യന്ത്രവൽകൃത ബോട്ടുകളും പരമ്പരാഗത വഞ്ചികളും കരയിൽ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങളോടുകൂടിയ ഫിഷിങ്ങ് ഹാർബറുകളുടെയും ഫിഷ് ലാൻറിങ് സെൻററുകളുടെയും നിർമ്മാണപദ്ധതികൾ നടപ്പിലാക്കിവരുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലും പദ്ധതിപ്രദേശത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന ബോട്ടുകളുടെ എണ്ണം കൂടികൂടിവരുന്നു എന്നത് നിർദ്ദിഷ്ട ചെല്ലാ നം ഹാർബർ പദ്ധതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ആലപ്പുഴജില്ലയിലെ അർത്തുങ്കലിനും ഫോർട്ട്കൊച്ചിയ്ക്കുമിടയിൽ ഒരു ഹാർബർ ഇല്ല എന്നതും നിർദ്ദിഷ്ട പദ്ധതിയുടെ ആവശ്യകതയെ സൂചിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിങ്ങ് ഗ്യാപ്പിനെ എല്ലാസൗകര്യങ്ങളോടും കൂടിയ ഫിഷിങ്ങ് ഹാർബർ ആയി വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ഒടുമിക്ക ആളുകളും മത്സ്യമേഖലയെയും കൃഷിയെയും ആശ്രയിച്ച് ജീവിക്കുന്നവരാണ്. കായലിലും ആഴക്കടലിലും ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് ഇവർ മത്സ്യം പിടിക്കുന്നത്. യന്ത്ര വത്കൃത ബോട്ടുകളും പരമ്പരാഗത വഞ്ചികളും എല്ലാ കാലാവസ്ഥയിലും സുര ക്ഷിതമായ് കരയിൽ സൂക്ഷിക്കുന്നതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തു വാൻ ഈ പദ്ധതി മൂലം കഴിയും. മത്സ്യബന്ധന ബോട്ടുകൾ കരയ്ക്കടുപ്പിക്കു വാൻ മതിയായ സൗകര്യങ്ങൾ, മത്സ്യങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുവാനും വിപണനത്തിനുമുള്ള സൗകര്യം, മണ്ണൊലിപ്പിൽ നിന്നും കരയെ സംരക്ഷിക്കൽ തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. മത്സ്യബന്ധന ബോട്ടുകളുടെ പ്രവർ ത്തന ചെലവ് കുറയുകയും അവയുടെ പ്രവർത്തി ദിനങ്ങൾ കൂടുകയും ചെയ്യും എന്നതിനാൽ പദ്ധതി ഈ മേഖലയിലെ സമൂഹ്യ-സാമ്പത്തിക മേഖലയിൽ ശുഭകരമായ ഫലമുളവാക്കും.

രണ്ട് പുലിമുട്ടുകൾ, ഒരു തുറമുഖ മതിൽ, ലേലം നടത്തുവാനുള്ള ഹാൾ, കാര്യനിർവ്വഹണകാര്യാലയത്തിനുള്ള കെട്ടിടം, ലോക്കർ മുറികൾ, ശുചിമുറികൾ, പൊതു

ശയനമുറി, റോഡും പാർക്കിങ് സൗകര്യവും, സംരക്ഷണ കവാടം, ഗേറ്റ് ഹൗസ് തുടങ്ങിയവയുടെ നിർമ്മാണവും കര സംരക്ഷണ പ്രവർത്തനങ്ങൾ, ജലവിതരണ സംവിധാനം, മലിനജലം ഒഴുകുവാനുള്ള സൗകര്യം മുതലായവ സജ്ജീകരിക്കുന്നതും ഈപദ്ധതിയുടെ വിവിധ ഘട്ടങ്ങളാണ്. രണ്ട് പുലിമുട്ടുകളു ടെ നിർമ്മാണം പൂർത്തിയാക്കി ആഗസ്റ്റ് 2010 ൽ പദ്ധതിയുടെ ആദ്യഘട്ടം രാജ്യ ത്തിന് സമർപ്പിച്ചുവെങ്കിലും കരയിലെ മറ്റ് നിർമ്മാണങ്ങളെല്ലാം ഇനിയും ചെയ്യേ ണ്ടിയിരിക്കുന്നു.

### 2.2 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട ചെല്ലാനം ഹാർബറിന്റെ നിർമ്മാണത്തിന് ആവശ്യമായത് 1.4692 ഹെക് ടർ ഭൂമിയാണ്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഒരു കുടുംബത്തെ പദ്ധതിയ്ക്കുവേണ്ടി ഒഴിപ്പിക്കേണ്ടിവരും.

തോപ്പുംപടി-ചെല്ലാനം സംസ്ഥാനപാതയിൽ നിന്നും 8.5 മീറ്റർ പടിഞ്ഞാറുമാറിയും ദേശീയ പാത 47 ൽ എരമല്ലൂർ കവലയിൽ നിന്നും 8.5 കി.മീറ്റർ ദൂരത്തുമായി ചെല്ലാനം ഫിഷിങ്ങ് ഗ്യാപ്പ് സ്ഥിതിചെയ്യുന്നു..

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായ് ചെല്ലാനം ഹാർബർ പദ്ധതി യ്ക്കുവേണ്ടി ആരംഭത്തിൽ 5 കോടി രൂപ അനുവദിച്ചു. പിന്നീട് പദ്ധതിയുടെ ആദ്യഘട്ടത്തിനുവേണ്ടി 29.90 കോടി രൂപ നബാർഡിന്റെ ഗ്രാമീണ അടിസ് താന സൗകര്യ വികസനനിധി XV ഘട്ടം പ്രകാരം അനുവദിക്കുകയും ഉണ്ടായി എങ്കിലും ആവശ്യമായ ഭൂമിയുടെ അപര്യാപ്തത മൂലം പുലിമുട്ടുകൾ മാത്രം നിർമ്മിക്കുകയും ശേഷിച്ച തുക അസാധുവാകുകയും ചെയ്തു. ഇപ്പോൾ വീണ്ടും പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുവേണ്ടി നബാർഡ് 10.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### 2.3 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

രണ്ട് പുലിമുട്ടുകൾ, ഒരു തുറമുഖ മതിൽ, ലേലം നടത്തുവാനുള്ള ഹാൾ, കാര്യനിർവ്വഹണകാര്യാലയത്തിനുള്ള കെട്ടിടം, ലോക്കർ മുറികൾ, ശുചിമുറികൾ, പൊതു ശയനമുറി, റോഡും പാർക്കിങ് സൗകര്യവും, സംരക്ഷണ കവാടം, ഗേറ്റ് ഹൗസ് തുടങ്ങിയവയുടെ നിർമ്മാണവും കര സംരക്ഷണ പ്രവർത്തനങ്ങൾ, ജലവിതരണ സംവിധാനം, മലിനജലം ഒഴുകുവാനുള്ള സൗകര്യം മുതലായവ സജ്ജീകരിക്കുന്നതും ഈപദ്ധതിയുടെ വിവിധ ഘട്ടങ്ങളാണ്. രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി ആഗസ്റ്റ് 2010 ൽ പദ്ധതിയുടെ ആദ്യഘട്ടം രാജ്യത്തിന് സമർപ്പിച്ചുവെങ്കിലും കരയിലെ മറ്റ് നിർമ്മാണങ്ങളെല്ലാം ഇനിയും ചെയ്യേണ്ടിയിരിക്കുന്നു.

### 2.4. പരിസ്ഥിതി ആഘാത വിലയിരുത്തൽ/ പ്രായോഗികതാ പഠന വിവരങ്ങൾ

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പരിസ്ഥിതി വികസന കേന്ദ്രം പദ്ധതി പ്രദേശത്ത് ഒക്ടോബർ 2007 ൽ നടത്തിയ പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം. പ്രസ്തുത

പദ്ധതി മൂലം ഉണ്ടായേക്കുവാനിടയുള്ള പരിസ്ഥിതി ആഘാതക പ്രശ്നങ്ങൾ താൽക്കാലികമായിരിക്കുമെന്ന് വെളിപ്പെടുത്തി. ആവാസ വ്യവസ്ഥയിൽ സാരമായ കോട്ടങ്ങളൊന്നും തന്നെ പ്രസ്തുത പദ്ധതി നിർവ്വഹണം മൂലം ഉണ്ടാകുവാനിടയില്ല. ദീർഘകാലം നീണ്ട് നിൽക്കാവുന്നതും, ഒഴിവാക്കുവാൻ കഴിയാത്തതുമായ ചെറിയ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠനം നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നിർമ്മാണ – പ്രവർത്തന ഘട്ടങ്ങളിൽ ഒരു പരിസ്ഥിതി അവലോകന പദ്ധതിയും പ്രസ്തുത പ്രദേശത്തിന്റെ പരിസ്ഥിതിപരവും പരമ്പരാഗതവുമായ മൂല്യങ്ങൾ വർധിക്കുന്നതിനു വേണ്ടി ഒരു ഹരിതബെൽറ്റിന്റെ നിർമ്മാണവും പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനത്തിന്റെ പ്രധാന നിർദ്ദേശമാണ്.

## 2.5 ആവശ്യമായ തൊഴിൽ ശക്തി

പരിശീലനം സിദ്ധിച്ചതും അല്ലാത്തതുമായ തൊഴിലാളികളും ആധുനിക ഉപകരണങ്ങളുമുൾപ്പെടുന്ന തൊഴിൽ ശക്തിയാണ് പ്രസ്തുത പദ്ധതിക്കു വേണ്ടത്. പദ്ധതി നിർമ്മാണം കോൺട്രാക്ടർമാർക്ക് ടെൻഡർ നൽകി അവർ ആവശ്യമായ ആധുനിക യന്ത്രസാമഗ്രികളും തൊഴിൽ ശക്തിയും ഉപയോഗിച്ച് നിർമ്മണപ്രവർത്തനം നടത്തും. ആവശ്യകമായ തൊഴിൽ ശക്തി ഓരോ കോൺട്രാക്ടർക്കും വ്യത്യസ്തമായിരിക്കുമെന്നതിനാൽ കൃത്യമായി കണക്കാക്കുവാൻ കഴിയില്ല.

## 2.8. ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട ചെല്ലാനം ഫിഷിങ്ങ് ഹാർബർ നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമിഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം (കേന്ദ്രനിയമം 30, 2013)
- കേരള സർക്കാർ – റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരവകാശ നിയമം 2005

## അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

### 3.1 പശ്ചാത്തലം

2017 നവമ്പർ 30-ാം തീയതിയിലെ കേരള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ. C7-135157/2017 പ്രകാരം എറണാകുളം ജില്ലാ ഭരണകൂടം നിർദ്ദിഷ്ട ചെല്ലാനം ഫിഷിങ്ങ് ഹാർബർ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ തെരഞ്ഞെടുത്തു.

പദ്ധതിബാധിത ഭൂമിയുടേയും കെട്ടിടങ്ങളുടേയും, കുടുംബങ്ങളുടേയും, വ്യക്തികളുടേയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ കൊണ്ടുള്ള ഉദ്ദേശം. നിലവിലുള്ള പ്രക്രിയക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പദ്ധതി പ്രത്യക്ഷത്തിൽ ബാധിക്കുന്നവരേയും പരോക്ഷത്തിൽ ബാധിക്കുന്നവരേയും വേണ്ട രീതിയിൽ വിനിയോഗിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിൻെറ ഭാഗമായി നിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ പ്രത്യാഘാതങ്ങളെക്കുറിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ. യൂണിറ്റിലെ പരിചയ സമ്പന്നരായ അംഗങ്ങൾ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തി.

### 3.2 പഠനരീതിയും ഉപകരണങ്ങളും

പദ്ധതിബാധിതഭൂമിയുടെയും കെട്ടിടങ്ങളുടെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും ഈ പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ കൊണ്ടുള്ള ഉദ്ദേശ്യം. പ്രത്യാഘാത പഠനത്തിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വിതീയവുമായ സ്രോതസ്സുകൾ വിനിയോഗിച്ചു. നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ച് വിവരം പ്രചരിപ്പിക്കലിൻെറ ഭാഗമായി റവന്യൂ ഉദ്ദ്യോഗസ്ഥരോടൊപ്പം സാമൂഹ്യ പ്രത്യാഘാത പഠന ടീം പദ്ധതി പ്രദേശം സന്ദർശിച്ചു. ചോദ്യാവലിയും കൂടിക്കാഴ്ചയുമാണ് വിവര ശേഖരണത്തിനുള്ള ഉപകരണങ്ങളായി ഉപയോഗിച്ചത്.

### 3.3 ഡെസ്ക്ക് റിസർച്ച്

പഠന സംഘം പ്രസക്തമായ രേഖകൾ, റിപ്പോർട്ടുകൾ, പദ്ധതി രൂപരേഖകൾ എന്നിവ വിശദമായി പരിശോധിച്ചു.

### 3.4 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷനായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ പ്രിൻസിപ്പാളിൻെറ നേതൃത്വത്തിൽ, വിവിധ സാമൂ

ഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലുകളും നടത്തിയ അനുഭവ സമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവര ശേഖരണവും ഏകോപനവും നടത്തിയത്. വികസന/ നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി ചെയർപേഴ്സൺ | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 2 | മീന കുരുവിള ഡയറക്ടർ, രാജഗിരി ഔട്ട്റീച്ച് | എം.എസ്.ഡബ്ല്യൂ, കൺസൾട്ടൻറ് | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 3 | മരിയ ടെൻസി വി.എസ്. | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ്, | വികസനമേഖലയിൽ 25 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ദീപു.കെ.ഉത്തമൻ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2.4 വർഷത്തെ പ്രവർത്തന പരിചയം |
| 5 | അരുൺ മാത്യൂസ് ജോർജജ് | എം.എസ്.ഡബ്ല്യൂ, ഡോക്യുമെന്റേഷൻ ഓഫീസർ | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |

### 3.5 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുമ്പ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണു ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതിബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ചും മനസ്സിലാക്കുവാനും സാധിച്ചു.

### 3.6 പദ്ധതി ബാധിത പ്രദേശം സന്ദർശനവും പദ്ധതി വിവരപ്രചരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിൻെറ വിശദമായ പഠനം ആരംഭിക്കുന്നതിനു മുമ്പ് സാമൂഹ്യ-സാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും

നടത്തുകയും കൂടാതെ ചുരുക്കം ചില വിവരദാതാക്കളുമായി നേരിട്ട് അഭിമുഖ സംഭാഷണം നടത്തുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖ സംഭാഷണത്തിനുള്ള മാർഗരേഖയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം വരുത്തി. 2018 ജനുവരി മാസത്തിന്റെ ആദ്യവാരത്തിൽ സമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ സംഘം പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും പദ്ധതി രൂപരേഖയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും ചെയ്തു. അതിനു ശേഷം പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുവാനായി യോഗം നടത്തുകയും ചെയ്തു. 2018 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ സംഘം വിവരങ്ങൾ ശേഖരിച്ചു.

## 3.7 സാമൂഹ്യ-സാമ്പത്തിക സർവ്വേ

റവന്യൂ വകുപ്പ് (GCDA) ഉദ്യോഗസ്ഥരുടെ സഹായത്തോടെ അലൈമെൻറ് ഡ്രോയിംഗ്ൻെറ അടിസ്ഥാനത്തിൽ നിർദ്ധിഷ്ട പദ്ധതിമൂലം ബാധിക്കപ്പെടുന്ന വസ്തുവകകളുടെ വിവരം യഥാർത്ഥ സാമൂഹ്യ-സാമ്പത്തിക സർവ്വേയ്ക്ക് മുമ്പ് മനസ്സിലാക്കുവാൻ സാധിച്ചു. സർവ്വേയ്ക്കുള്ള അഭിമുഖ പട്ടിക ഒന്നു പുനഃപരിശോധന നടത്തി അന്തിമ രൂപം നൽകി. വ്യക്തികളുമായി നേരിട്ട് നടത്തിയ അഭിമുഖങ്ങൾ വഴിയാണു സർവ്വേ നടത്തിയത്. ഈ അഭിമുഖത്തിൽ പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ, നിയമപരമായ രേഖകൾ (സ്വത്തിന്റെ മേലുള്ള അവകാശങ്ങൾ ബന്ധപ്പെട്ട/സ്വത്ത് തർക്കങ്ങൾ), സാമൂഹികമായ വിവരങ്ങൾ, കുടുംബത്തിന്റെ വിവരങ്ങൾ, ജോലി, വരുമാനമാർഗ്ഗം, കുടുംബത്തിന്റെ ചിലവുകളെക്കുറിച്ചുള്ള വിവരങ്ങൾ, വസ്തുവകകൾ, പദ്ധതിബാധിത കെട്ടിടത്തിന്റെ വിവരങ്ങൾ, വാണിജ്യപരമായതും സ്വയം തൊഴിൽ പരമായ കാര്യങ്ങൾ, ജോലിയുടെ രീതി, മുതലായ കാര്യങ്ങൾ ശേഖരിച്ചു. ഇന്റെർവ്യൂ ഷെഡ്യൂളിൽ പ്രധാനമായും പ്രീ-കോഡഡ് ആയ ചോദ്യങ്ങളാണ്. എന്നാൽ ചുരുക്കം ചില ചോദ്യങ്ങൾ അവരുടെ അഭിപ്രായങ്ങൾ ശേഖരിക്കുവാൻ കൂടി ഉതകുന്ന തരത്തിലുള്ളതാണ്. ചോദ്യാവലി പൂരിപ്പിക്കുന്നതിനു മുമ്പ് തന്നെ അവരുടെ ലഭ്യമായ തിരിച്ചറിയൽ രേഖകളും മറ്റും ആവശ്യ രേഖകളും പരിശോധിച്ച്, അവർ പദ്ധതി ബാധിത പ്രദേശത്തുള്ളവരാണ് എന്ന് ഉറപ്പുവരുത്തി.

## 3.8 വിവരസമാഹരണവും പരിശോധനയും

ശരിയായി പൂരിപ്പിച്ച സർവ്വേ ഫോമുകളിലെ വിവരങ്ങൾ ഡേറ്റാബേസിലേക്ക് ചേർക്കുകയും അപൂർണ്ണമായ ഫോമുകൾ പൂരിപ്പിക്കുന്ന മുറക്ക് ഈ വിവരങ്ങൾ നവീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിൽ ആരെങ്കിലും വിട്ടുപോകുകയോ മറ്റോ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി എസ്.ഐ.എ. യൂണിറ്റിലെ അംഗങ്ങൾ ഇവ വിശദമായി പരിശോധിച്ചു.

## 3.9.വിവരങ്ങളുടെ വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി, അന്ത്യരൂപം നൽകുകയും ചെയ്തു കഴിഞ്ഞാൽ ശേഖരിച്ച വിവരങ്ങളുടെ വിശകലനവും പൂർത്തിയാകും.

### 3.10 സമൂഹവും പൊതുജനങ്ങളുമായുള്ള കൂടിയാലോചന

പദ്ധതി പ്രത്യക്ഷത്തിൽ ബാധിക്കുന്നവരും പരോക്ഷത്തിൽ ബാധിക്കുന്നവരുമായ ജനങ്ങളുമായി ചർച്ചകൾ നടത്തുകയും പദ്ധതിയുടെ പ്രതികൂലമായ സാമൂഹിക പ്രത്യാഘാതം കുറയ്ക്കുവാൻ ഉതകുന്ന തരത്തിലുള്ള അഭിപ്രായങ്ങളെയും കാഴ്ചപ്പാടുകളേയും കുറിച്ച് ജനങ്ങളോട് ആരായുകയും ചെയ്തു. വിവരങ്ങൾ ശേഖരിക്കുന്നതിനായി 1)അനൗപചാരികമായ സ്വകാര്യ കൂടിയാലോചന. 2) ആഴത്തിലുള്ള വ്യക്തിഗത അഭിമുഖം എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ചു.

***പബ്ലിക് ഹിയറിംഗ്*** : *RTFCTLARR നിയമം 2013ൽ 14(1)ൽ ഫോം 5 അനുസരിച്ച് 2018 മാർച്ച് 17ന് ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.*

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. പശ്ചാത്തലം

പദ്ധതിബാധിതകുടുംബങ്ങളെയുംവ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് 2018 ജനുവരി–ഫെബ്രുവരി മാസങ്ങളിലായി SIA യൂണിറ്റ് പദ്ധതി പ്രദേശത്ത് സമൂഹ്യ സാമ്പത്തിക സർവ്വേ നടത്തപ്പെടുകയുണ്ടായി. ഓരോ കുടുംബങ്ങളുടേയും വസ്തുവകകൾ, വരുമാനം, ഉപജീവനമാർഗ്ഗം എന്നിവയെ നിർദ്ദിഷ്ട പദ്ധതി എങ്ങിനെ ബാധിക്കാം എന്ന് ഈ സർവ്വേയിലൂടെ മനസ്സിലാക്കാൻ സാധിച്ചു. മുൻ കൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പദ്ധതി ബാധിത കുടുംബങ്ങളുടെ സമൂഹ്യ സാമ്പത്തിക ഘടന, വസ്തുവകകളുടെ തരം, സ്വത്തിൻ മേലുള്ള അവകാശം, എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം, അതിൻെറ വ്യാപ്തി, ബാധിത വസ്തുവകകളുടെ വിവരണങ്ങൾ എന്നിവ നിർണ്ണയിക്കുകയായിരുന്നു ഈ സർവ്വേയുടെ പ്രധാന ലക്ഷ്യം. സർവ്വേയുടെ പ്രധാന കണ്ടെത്തലുകളും പ്രശ്നത്തിൻെറ വ്യാപ്തിയും താഴെ ചേർക്കുന്നു.

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിയുടെ മൊത്തത്തിലുള്ള പ്രത്യാഘാതമാണ്, പട്ടിക 4.1 ൽ സൂചിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി മൊത്തം 1.4453 ഹെക്ടർ ഭൂമി ആവശ്യമാണ്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ആഘാതബാധിതമാകുന്ന 31 വസ്തുക്കളിൽ 2 എണ്ണം ഒഴിച്ച് ബാക്കിയെല്ലാം തുറസ്സായ പ്രദേശമാണ്. ആഘാതബാധിത പ്രദേശത്ത് താമസിക്കുന്ന ഒരു കുടുംബത്തെ കുടിയൊഴിപ്പിക്കേണ്ടതുണ്ട് കൂടാതെ ഒരു ചായക്കടയും പ്രസ്തുത പ്രദേശത്ത് പ്രവർത്തിക്കുന്നു. ആഘാതബാധിത വസ്തുക്കളിൽ 23 എണ്ണം വ്യക്തികളുടെ ഉടമസ്ഥ തയിലുള്ളതും 7 എണ്ണം കൂട്ടുടമസ്ഥതയിലുള്ളതും 1 ഒരു സംഘടനയുടെ ഉടമസ് തതയിലുള്ളതുമാണ്. വസ്തു നിർണ്ണയത്തിൻെറ ഭാഗമായി പദ്ധതി ബാധിത കുടുംബങ്ങളെ കണക്കാക്കിയിട്ടുണ്ട്. ആഘാതബാധിതമാകുന്ന 40 കുടുംബങ്ങളിലായി 163 വ്യക്തികളുണ്ട്.

**പട്ടിക 4.1 പട്ടിക 4.1 ആഘാത ബാധിത പ്രദേശം**

| ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ് (ഹെക്ടറിൽ) | |
|---|---|
| **ഉടമസ്ഥാവകാശം** | **ഏറ്റെടുക്കുന്ന ഭൂമി** |
| മത്സ്യതൊഴിലാളി സഹകരണസംഘത്തിൻെറ ഉടമസ് ഥതയിലുള്ളത് | 0.0627 |
| വ്യക്തികളുടെ ഉടമസ്ഥതയിലുള്ളത് | 1.0950 |
| വ്യക്തികളുടെ കൂട്ടുടമസ്ഥതയിലുള്ളത് | 0.2876 |
| ആകെ | 1.4453 |
| **വസ്തുവകകളിലുള്ള ആഘാതം** | |
| ആഘാത ബാധിത വസ്തുവകകൾ | 31 |

| | |
|---|---|
| മൊത്തം പദ്ധതിബാധിതരായ കുടുംബങ്ങൾ | 40 |
| മൊത്തം പദ്ധതിബാധിതരായ ആളുകൾ | 163 |
| മൊത്തം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾ | 1 |
| വീട് നഷ്ടപ്പെടുന്നത് (എണ്ണം) | 1 |
| കച്ചവടം നഷ്ടപ്പെടുന്നത് (എണ്ണം) | 1 |

### 4.3. വസ്തുവിവരപട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)




### 4.4 പദ്ധതിയ്ക്കാവശ്യമായഭൂമി

നിർദ്ദിഷ്ട പദ്ധതിയായ ചെല്ലാനം ഫിഷിങ്ങ് ഹാർബറിന്റെ നിർമ്മാണത്തിന് 1.4453 ഹെക്ടർ സ്ഥലം ആവശ്യമാണ്. പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ആയതിനാൽ സർക്കാർ ഭൂമി ഒന്നും തന്നെ ആഘാതബാധിതമാകുന്നില്ല.

**4.5 പൊതുഭൂമിയുടെ ആവശ്യകത**

നിർദ്ദിഷ്ട പദ്ധതി മൂലം പൊതു ഭൂമികൾക്ക് ഒന്നിനും തടസ്സം വരുന്നില്ല.

**4.6 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്ന ഭൂമി**

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയുള്ളൂ.

**4.7 പദ്ധതിയ്ക്കാവശ്യമായഭൂമി**

**പട്ടിക 4.2 ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ്**

| നഷ്ടപ്പെടുന്ന ഭൂമിയുടെ ഏകദേശം അളവ് (ഹെക്ടറിൽ) | ഭൂമി നഷ്ടപ്പെടുന്ന പട്ടയ ഉടമകളുടെ എണ്ണം |
|---|---|
| 0.0100ന് താഴെ | 8 |
| 0.0101 – 0.0200 | 6 |
| 0.0201 – 0.0300 | 4 |
| 0.0301 – 0.0400 | 6 |
| 0.0401 – 0.0500 | 1 |
| 0.0501 – 0.0600 | 1 |
| 0.0601 – 0.0700 | 2 |
| 0.0701ൽ കൂടുതൽ | 3 |
| Total | 31 |

ആകെ 31 വസ്തുക്കളാണ് പദ്ധതി ആഘാതബാധിതമാകുന്നത്. 8 വ്യക്തികൾക്ക് യഥാക്രമം 0.0100 ഹെക്ടർ താഴെ അളവിലും 6 വ്യക്തികൾക്ക് 0.0101 – 0.0200 ഹെക്ടർ അളവുകൾക്കിടയിലും ഭൂമി നഷ്ടപ്പെടുമെന്ന് പട്ടിക 4.2 വ്യക്തമാക്കുന്നു.

**4.8. പദ്ധതിപ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ**

സർവ്വെ നമ്പർ 448/14 ഭൂമി 2 ഉടമസ്ഥരുടെ പേരിലായ് 2015 ൽ ഒഴിയാധാരം നടത്തിയിട്ടുണ്ട്. സർവ്വെ നമ്പർ 449/5 ഭൂമി 2015 ൽ 3 പിൻഗാമികളുടെ പേരിൽ ഭാഗാധാരം നടത്തിയിട്ടുണ്ട്. 2 വർഷങ്ങൾക്ക് മുൻപ് സർവ്വെ നമ്പർ 451/13 രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്.

## അദ്ധ്യായം – 5

# കണക്കാക്കലും ഗണനവും

### 5.1. ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന ആഘാതത്തിൻെറ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 5.2 പദ്ധതിയുടെ പ്രത്യാഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

40 കുടുംബങ്ങളും 1 സംഘടനയുമാണ് പദ്ധതിയുടെ ആഘാതബാധിതമാകുന്നത്. ആരുടെയും ഉപജീവനമാർഗങ്ങളെ പദ്ധതി പ്രത്യക്ഷത്തിൽ ബാധിക്കുന്നില്ല. പക്ഷെ വീടുൾപ്പടെയുള്ള വസ്തുവകകൾ മുഴുവനായും നഷ്ടപ്പെടുന്ന ഒരു കുടുംബത്തെ പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നതായി കാണേണ്ടതാണ്.

ബാധിത പ്രദേശത്ത് ഒരു വാടകക്കാരൻ ചായക്കട നടത്തുന്നു. ഇത് പ്രസ്തുത കുടുംബത്തിൻെറ പ്രധാന വരുമാനമാർഗമല്ലെങ്കിലും പരോക്ഷമായി പദ്ധതി ആഘാത ബാധിതരായ് കണക്കക്കേണ്ടതാണ് (ബാധിത കുടുംബം നൽകിയ വിവരം, മതിയായ രേഖകൾ പരിശോധിക്കേണ്ടതാണ്)

ഒരു കുടുംബം വീട് നിർമ്മിക്കുവാനുദ്ദേശിച്ചിരുന്ന ഭൂമി ആഘാത ബാധിതമാകുന്നതിനാൽ പുന:സ്ഥാപനം ആവശ്യപ്പെടുന്നു ആയതിനാൽ പരോക്ഷമായ് ആഘാതബാധിതമാകുന്നതായ് കണക്കാക്കാവുന്നതാണ്

### 5.3. പദ്ധതിയുടെ പരോക്ഷമായ പ്രത്യാഘാതം

ആനുബന്ധ റോഡിൻെറ നിർമ്മാണം സ്ഥലത്തിൻെറ ഉയരത്തിൽ വ്യതിയാനം വരുത്തുന്നത് മൂലം തങ്ങളുടെ വീടിന് കേടുപാടുകൾ ഉണ്ടായേക്കാമെന്ന ആശങ്ക ഒരു കുടുംബം പങ്കുവെച്ചു അത് ദൂരീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതും പരോക്ഷ ആഘാതമായി കണക്കാക്കാവുന്നതാണ്.

### 5.4. ആഘാതബാധിത കുടുംബങ്ങൾ

**പട്ടിക 5.3 വസ്തു കൈവശമായതിൻെറ/ഉടമസ്ഥതയുടെ കാലവധി**

| ഉടമസ്ഥതയുടെ ഏകദേശകാലവധി | കുടുംബങ്ങളുടെ എണ്ണം | | | ആകെ |
|---|---|---|---|---|
| | ഉടമസ്ഥർ | വാടകക്കാർ | സംഘടന | |
| 1–10 വർഷം | 10 | 1 | | 11 |
| 11–20 വർഷം | 3 | | 1 | 4 |
| 21–30 വർഷം | 10 | | | 10 |

| | | | | |
|---|---|---|---|---|
| 31-40 വർഷം | 5 | | | 5 |
| 41-50 വർഷം | 1 | | | 1 |
| 50 വർഷത്തിൽ കൂടുതൽ | 5 | | | 5 |
| വിവരം വെളിപ്പെടുത്താതത് | 2 | | | 2 |
| തിരിച്ചറിയാത്തത് | 3 | | | 3 |
| ആകെ | 3941 | | | |

ഉടമസ്ഥാവകാശമുള്ള 39 കുടുംബങ്ങളും 1 സംഘടനയും കൂടാതെ വാടകയ്ക്ക് ഉപയോഗിക്കുന്ന ഒരു കുടുംബവുമാണ് പദ്ധതി ആഘാത ബാധിതരാകുന്നത്. ഉടമസ്ഥാ വകാശമുള്ള 39 കുടുംബങ്ങളിൽ 10 കുടുംബങ്ങൾ 1-10 വർഷവും, 3 കുടുംബങ്ങൾ 11-20 വർഷവും, 10 കുടുംബങ്ങൾ 21-30 വർഷവും ഭൂമി കൈവശമായിട്ടുള്ളവരാണ്. 5 കുടുംബങ്ങൾ 31-40 വർഷം വരെയും 1 കുടുംബം 41-50 വർഷം വരെയും കൈവശമായിട്ടുള്ളവരാണ്. 50 വർഷത്തിലധികമായ് കൈവശമായിട്ടുള്ള 5 കുടുംബങ്ങൾ ഇവിടെയുണ്ട്. 1 കുടുംബം പ്രസ്തുത പ്രദേശത്ത് 3 വർഷത്തിലധികമായ് വാടകയ്ക്ക് കച്ചവടം നടത്തുന്നു. 1 സംഘടനയുടെ ഉടമസ്ഥത 1-10 വർഷകാലയളവിൽ വരുന്നു. കൂടാതെ വിവരം വെളിപ്പെടുത്താത്ത 2 കുടുംബങ്ങളും തിരിച്ചറിയാനാകാത്ത 3 കുടുംബങ്ങളും ഉണ്ട്.

### 5.5. ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

ആഘാതബാധിതമാകുന്ന 31 വസ്തുക്കളിൽ 1 എണ്ണം താമസത്തിനുപയോഗിക്കുന്നതും 1 എണ്ണം വീട് വയ്ക്കുവാനുദ്ദേശിച്ചിട്ടുള്ളതുമാണ. ഒരു വസ്തുവിൽ ഒരു ചായക്കട പ്രവർത്തിക്കുന്നു, ബാക്കിയെല്ലാം തുറസ്സായ സ്ഥലമാണ്.

**പട്ടിക 5.5 ഉപയോഗയോഗ്യമായ ബാധിതവസ്തുക്കൾ**

| ഉപയോഗയോഗ്യമായ ബാധിതവസ്തുക്കൾ | ഉപയോഗ യോഗ്യമായ ബാധിത - വസ്തുക്കൾ നഷ്ടപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|
| ജലസംഭരണി | 1 |
| ജലവിതരണവുമായി ബന്ധപ്പെട്ട കുഴലുകൾ | 1 |
| ഇരട്ടകുഴി കക്കൂസ് | 1 |

1 കുടുംബത്തിന്റെ ജലസംഭരണി നഷ്ടപ്പെടുമെന്നും 1 കുടുംബത്തിന്റെ കുടിവെള്ളവിതരണവുമായ് ബന്ധപ്പെട്ട പൈപ്പ് ലൈൻ ആഘാതബാധിത പ്രദേശത്തുണ്ടെന്നും പട്ടിക 5.5 സൂചിപ്പിക്കുന്നു. കുടാതെ 1 കുടുംബം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇരട്ടക്കുഴി കക്കൂസും പദ്ധതി മൂലം നഷ്ടമാകും.

**പട്ടിക 5.6 ആഘാത ബാധിതമായ വരുമാന ദായകമായ വസ്തുക്കൾ**

| വരുമാന ദായകമായ ബാധിതവസ്തുക്കൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|
| തെങ്ങ് | 19 |
| തൈതെങ്ങ് | 7 |
| മാവ് | 4 |
| വാഴ | 8 |
| പൂപ്പരത്തി | 6 |
| പേര | 1 |
| മഹാഗണി | 1 |
| പുളി | 2 |
| അടുക്കളത്തോട്ടം | 1 |

19 തെങ്ങുകളും 7 തൈതെങ്ങുകളും കുടാതെ 4 മാവും, 6 പൂപ്പരത്തിയും 1 മഹാഗണിയും 2 പുളിമരവും ഉൾപ്പെടുന്ന മറ്റ് മരങ്ങളും പദ്ധതി മൂലം നശിപ്പിക്കപ്പെടുമെന്ന് പട്ടിക 5.6 വെളിപ്പെടുത്തുന്നു. ഒരു കുടുംബത്തിൻെറ അടുക്കളത്തോട്ടവും നഷ്ടപ്പെടും.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ

## 6.1. ആമുഖം

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക തലങ്ങളിലെ അവസ്ഥയും പ്രസ്തുത ഘടകങ്ങളുടെ സ്ഥിതിവിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ; ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം, അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

## 6.2 ജനസംഖ്യാപരമായ വിശദാംശങ്ങൾ

### പട്ടിക 6.1 പ്രായഭേദവും ലിംഗഭേദവും അനുസരിച്ച്

| വയസ്സ് (വർഷ കണക്കിൽ) | ലിംഗഭേദം | | ആകെ |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | |
| 0–18 | 13 | 15 | 28 |
| 19–30 | 19 | 12 | 31 |
| 31–45 | 18 | 11 | 29 |
| 46–59 | 24 | 18 | 42 |
| 60ൽ കൂടുതൽ | 17 | 16 | 33 |
| ആകെ | 91 | 72 | 163 |

ഈ പ്രദേശത്തെ ജനങ്ങളുടെ പ്രായഭേദമനുസരിച്ചുള്ള വിവരണമാണ് **പട്ടിക 6.1 ൽ** ഉള്ളത്. 60 വയസ്സിനുമുകളിൽ പ്രായമുള്ള 33 വ്യക്തികളിൽ 17 പേർ പുരുഷന്മാരും 16 പേർ സ്ത്രീകളുമാണ്. 46 നും 59 നും ഇടയിൽ പ്രായമുള്ള 18 സ്ത്രീകളും 24പുരുഷന്മാരുമുണ്ട്. 31 നും 45 നും ഇടയിൽ പ്രയമുള്ള 29 വ്യക്തികളിൽ 18 പുരുഷന്മാരും 11 സ്ത്രീകളുമാണുള്ളത്. 19 പുരുഷന്മാരും 12 സ്ത്രീകളുമടങ്ങിയ 31 കുടുംബാംഗങ്ങൾ 19 നും 30 നും ഇടയിൽ പ്രായമുള്ളവരാണ്. 28 പേർ അതായത് 15 സ്ത്രീകളും 13 പുരുഷന്മാരും 18 വയസ്സിൽ താഴെയുള്ളവരാണ്.

### പട്ടിക 6.2 മതത്തിനനുസൃതമായ വിഭാഗം

| മതം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| ഹിന്ദു | 11 | 27.5 |
| ക്രിസ്ത്യൻ | 24 | 60.0 |
| വിവരം വെളിപ്പെടുത്താതത് | 2 | 5.0 |
| തിരിച്ചറിയാത്തത് | 3 | 7.5 |

| | | |
|---|---|---|
| ആകെ | 40 | 100 |

മതത്തിൻെറ അടിസ്ഥാനത്തിൽ കുടുംബങ്ങളെ തരം തിരിച്ചിരിക്കുന്നതിൻെറ വിവരങ്ങളാണ് പട്ടിക 6.2ൽ വെളിപ്പെടുത്തിയിരിക്കുന്നത്. ആഘാതബാധിതരാകുന്ന 40 കുടുംബങ്ങളിൽ 24 എണ്ണം (60%) ക്രിസ്തുമതത്തിലും 11 കുടുംബങ്ങൾ (27%) ഹിന്ദു മതത്തിലും പെടുന്നു

**പട്ടിക 6.3 സാമൂഹ്യവിഭാഗം**

ആഘാതബാധിത കുടുംബങ്ങളിൽ 77.5% അതായത് 31 കുടുംബങ്ങൾ മറ്റ് പിന്നോക്കവിഭാഗത്തിൽ പെടുന്നു എന്ന് പട്ടിക 6.3 വെളീപ്പെടുത്തുന്നു. 7.5% അതായത് 3 കുടുംബങ്ങൾ യോഗ്യതയുള്ള മറ്റ് വിഭാഗങ്ങളിലും 1 കുടുംബം (2.5%) പൊതുവിഭാഗത്തിലും ഉൾപ്പെടുന്നു.

**പട്ടിക 6.4 പദ്ധതിബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ**

| വൈവാഹികാവസ്ഥ | വ്യക്തികളുടെ എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 106 | 65.03 |
| അവിവാഹിതർ | 52 | 31.90 |
| വിധവ/വിഭാര്യൻ | 5 | 3.07 |
| ആകെ | 163 | 100.00 |

പട്ടിക 6.4 വെളിവാക്കുന്നത് ആകെയുള്ള 163 പദ്ധതിബാധിത ജനങ്ങളിൽ 106 (65.03%) പേർ വിവാഹിതരും 52 (31.9%) പേർ അവിവാഹിതരുമാണ്. വിധവ/വിഭാര്യരായ 5 പേരും ആഘാതബാധിതരിൽ പെടുന്നു

| വിവരണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| മറ്റ് പിന്നോക്ക വിഭാഗം | 31 | 77.5 |
| മറ്റ് യോഗ്യരായ വിഭാഗം | 3 | 7.5 |
| പൊതു വിഭാഗം | 1 | 2.5 |
| വിവരം വെളിപ്പെടുത്താതത് | 2 | 5.0 |
| തിരിച്ചറിയാത്തത് | 3 | 7.5 |
| ആകെ | 40 | 100.00 |

**പട്ടിക 6.5 കുടുംബസംവിധാനം**

| വിവരണം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| അണുകുടുംബം | 25 | 62.5 |
| കൂട്ടുകുടുംബം | 10 | 25.0 |

| | | |
|---|---|---|
| വിവരം വെളിപ്പെടുത്താതത് | 2 | 5.0 |
| തിരിച്ചറിയാത്തത് | 3 | 7.5 |
| ആകെ | 40 | 100 |

പദ്ധതിയുടെ ആഘാത ബാധിതരായ കുടുംബങ്ങളിൽ 25 കുടുംബങ്ങൾ (62.5%) അണുകുടുംബങ്ങളും 10 (25%) കൂട്ടുകുടുംബങ്ങളുമാണ്.

### പട്ടിക 6.6 വിദ്യാഭ്യാസാവസ്ഥ

| വിദ്യാഭ്യാസാവസ്ഥ | അംഗങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | **1** | 0.61 |
| പ്രാഥമിക വിദ്യാഭ്യാസം (5–ാം ക്ലാസ്സ് വരെ) | 42 | 25.77 |
| 6–ാംക്ലാസ് മുതൽ 10– ാം ക്ലാസ് വരെ | 55 | 33.74 |
| പ്ലസ് ടു/പ്രീഡിഗ്രി | 13 | 17.18 |
| ബിരുദം | 28 | 83.33 |
| സാങ്കേതിക വിദ്യാഭ്യാസം | 15 | 9.2 |
| ബിരുദാനന്തര ബിരുദം | 3 | 1.84 |
| ബാധകമല്ല (കുട്ടികൾ) | 6 | 3.68 |
| ആകെ | 163 | 100.0 |

പദ്ധതിബാധിത മേഖലയിലെ ജനങ്ങളുടെ വിദ്യാഭ്യാസാവസ്ഥ സംബന്ധിക്കുന്ന വിവരങ്ങളാണ് പട്ടിക 6.6 ൽ പ്രതിപാദിക്കുന്നത്. 42 വ്യക്തികൾ പ്രാഥമിക തലം വരെ പഠിച്ചവരും പഠിച്ചുകൊണ്ടിരിക്കുന്നവരുമാണ്, 55 വ്യക്തികൾ ഹൈസ്ക്കൂൾ തലം വരെ പഠിച്ചവരും പഠിച്ചുകൊണ്ടിരിക്കുന്നവരുമാണ്. പ്ലസ് ടു/പ്രീഡിഗ്രി വരെ പഠിച്ചവരും പഠിച്ചുകൊണ്ടിരിക്കുന്നവരുമായ 13 വ്യക്തികളുണ്ട്. 28 വ്യ്ക്തികൾ ബിരുദധാരികളോ ബിരുദവിദ്യാഭ്യാസം ചെയ്യുന്നവരോ ആണ്. ബിരുദാനന്തര ബിരുദധാരികളോ വിദ്യാർത്ഥികളോ ആയ 3 അംഗങ്ങളുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസം നേടിയ 15 പേരും നിരക്ഷരനായ 1 വ്യക്തിയുമുണ്ട്.

## 6.3. വരുമാനവും ദാരിദ്ര്യരേഖയും

### പട്ടിക 6.7 പൊതുവിതരണ സംവിധാനമനുസരിച്ച് കുടുംബങ്ങളുടെ തരംതിരിക്കൽ

| റേഷൻ കാർഡിൻെറ നിറം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| വെള്ള | 14 | 35 |
| പിങ്ക് | 14 | 35 |
| നീല | 3 | 7.5 |
| മഞ്ഞ | 4 | 10 |
| വിവരം വെളിപ്പെടുത്താതത് | 2 | 5 |
| തിരിച്ചറിയാത്തത് | 3 | 7.5 |
| ആകെ | 40 | 100 |

പൊതുവിതരണ സംവിധാനമനുസരിച്ചുള്ള കുടുംബങ്ങളുടെ തരം തിരിക്കലിനെക്കുറിച്ചുള്ള വിവരങ്ങളാണ് പട്ടിക 6.7 ൽ പ്രതിപാദിക്കുന്നത്. 14 വീതം കുടുംബങ്ങൾക്ക് വെള്ള, പിങ്ക് എന്നീ നിറങ്ങളിലുള്ള റേഷൻ കാർഡ് ആണുള്ളത്. നീല, മഞ്ഞ കാർഡുള്ള യഥാക്രമം 3, 4 കുടുംബങ്ങളാണുള്ളത്.

### പട്ടിക 6.6 കുടുംബ മാസവരുമാനം

| കുടുംബമാസ വരുമാനം ( തുക രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപയിൽ താഴെ | 10 | 25 |
| 5001 മുതൽ 10000 വരെ | 3 | 7.5 |
| 10001 മുതൽ 15000 വരെ | 4 | 10 |
| 15001 മുതൽ 20000 വരെ | 1 | 2.5 |
| 20001 മുതൽ 30000 വരെ | 2 | 5 |
| 40001 മുതൽ 50000 വരെ | 1 | 2.5 |
| 60001 മുതൽ 70000 വരെ | 1 | 2.5 |
| 80001 മുതൽ 90000 വരെ | 1 | 2.5 |
| പ്രസ്തുത വിവരം നൽകാത്തവർ | 12 | 30 |
| വിവരം വെളിപ്പെടുത്താതത് | 2 | 5 |
| തിരിച്ചറിയാത്തത് | 3 | 7.5 |
| **ആകെ** | **40** | **100** |

10 കുടുംബങ്ങൾക്ക് 5000 രൂപയിൽ താഴെയും 3 കുടുംബങ്ങൾക്ക് 5001 നും 10000 രൂപയ്ക്കുമിടയിലും മാസവരുമാനമുള്ളവരാണെന്ന് പട്ടിക 6.6. വിവരിക്കുന്നു. 4 കുടുംബങ്ങൾക്ക് 10001 രൂപയ്ക്കും 15000 രൂപയ്ക്കുമിടയിൽ വരുമാനമുള്ളപ്പോൾ 1 കുടുംബത്തിന് 15001 നും 20000 നുമിടയിൽ വരുമാനമുണ്ട്. 20001 നും 30000 നുമിടയിൽ വരുമാനമുള്ള 2 കുടുംബങ്ങളുണ്ട്. 40001 നും 50000 നുമിടയിലും, 60001 നും 70000 നുമിടയിലും, 80001 നും 90000 നുമിടയിലും മാസവരുമാനമുള്ള 1 വീതം കുടുംബങ്ങളുണ്ട്. ആഘാതബാധിത കുടുംബങ്ങളിൽ 12 പേർ പ്രസ്തുത വിവരം വെളിപ്പെടുത്തിയില്ല.

### പട്ടിക 6.7 കുടുംബത്തിൻെറ ഒരുമാസത്തെ ചെലവ്

| കുടുംബത്തിൻെറ ഒരുമാസത്തെ ചെലവ് ( തുക രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപയിൽ താഴെ | 8 | 20 |
| 5001 മുതൽ 10000 വരെ | 3 | 7.5 |
| 10001 മുതൽ 15000 വരെ | 4 | 10 |
| 15001 മുതൽ 20000 വരെ | 2 | 5 |

| | | |
|---|---|---|
| 20001 മുതൽ 30000 വരെ | 1 | 2.5 |
| 30001 മുതൽ 40000 വരെ | 1 | 2.5 |
| 40001 മുതൽ 50000 വരെ | 1 | 2.5 |
| 60001 മുതൽ 70000 വരെ | 1 | 2.5 |
| പ്രസ്തുത വിവരം നൽകാത്തവർ | 14 | 35 |
| വിവരം വെളിപ്പെടുത്താതത് | 2 | 5 |
| തിരിച്ചറിയാത്തത് | 3 | 7.5 |
| **ആകെ** | **40** | **100** |

ആഘാതബാധിത കുടുംബങ്ങളിൽ 35% പേരും പ്രസ്തുത വിവരം വെളിപ്പെടുത്തിയില്ല. 5000രൂപയിൽ താഴെയാണ ഒരു മാസം ചെലവ് എന്ന 8 കുടുംബങ്ങൽ വെളിപ്പെടുത്തി. 50001 നും 10000 രൂപയ്ക്കുമിടയിൽ ചെലവഴിക്കുന്ന 3 കുടുംബങ്ങളാണുള്ളത്. 20001-30000, 30001-40000,40001-50000, 60001-70000 രൂപ നിരക്കുകളിൽ ചെലവഴിക്കുന്ന ഓരോ കുടുംബം വീതമുണ്ട്.

## പട്ടിക 6.10 തൊഴിൽ സംബന്ധമായ വിവരങ്ങൾ

| **തൊഴിൽ മേഖല** | **അംഗങ്ങളുടെ എണ്ണം** | **ശതമാനം** |
|---|---|---|
| മത്സ്യബന്ധനം | **22** | **13.5** |
| സ്വകാര്യ മേഖലയിൽ ജോലി | **14** | **8.59** |
| കച്ചവടം | 5 | 3.07 |
| നിർമ്മാണമേഖല | 6 | 3.68 |
| കൃഷി | 1 | 0.61 |
| ചായക്കട/സ്റ്റേഷനറി കട | 3 | 1.84 |
| സർക്കാർ മേഖലയിലെ തൊഴിൽ | 4 | 2.45 |
| സ്വയംതൊഴിൽ | 4 | 2.45 |
| പ്രവാസി | 3 | 1.84 |
| പെൻഷനർ | 12 | 7.36 |
| ആശ്രിതർ | 89 | 54.6 |
| ആകെ | 163 | 100.0 |

ആകെയുള്ള 163 വ്യക്തികളിൽ 89 പേർ അതായത് 54.6% പേർ വിദ്ധ്യാർത്ഥികളും വയോജനങ്ങളുമായ ആശ്രിതരാണ്. 13.5% പേരും മത്സ്യതൊഴിലാളികളാണ്. 8.59% പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും 7.36% പേർ വിവിധ പെൻഷൻ ലഭിക്കുന്നവരുമാണ്. 6 വ്യക്തികൾ നിർമ്മാണമേഖലയിൽ ജോലി ചെയ്യുന്നു 5 പേർ കച്ചവടം ചെയ്യുന്നവരാണ്. 4 പേർ സർക്കാർ ജീവനക്കരും 4 പേർ സ്വയം തൊഴിൽ

ചെയ്യുന്നവരുമാണ്. ആഘാതബാധിത കുടുംബങ്ങളിലുള്ള 3 പേർ വിദേശത്ത് ജോലി ചെയ്യുന്നു.

## 6.4. ദുർബലവിഭാഗം

പ്രത്യാഘാതബാധിതരായ 163 വ്യക്തികളിൽ ഉൾപ്പെട്ട 72 സ്ത്രീകളും 28 കുട്ടികളും 33 വയോജനങ്ങളും ദുർബലജനവിഭാഗത്തിൽ പെടുന്നു. കൂടാതെ ശാരീരിക വെല്ലുവിളിയുള്ള 2 വ്യക്തികളും മാനസിക വൈകല്യമുള്ള 1 വ്യക്തിയും ദുർബ്ബലവിഭാഗമായ് കണക്കാക്കാവുന്നതാണ്

### 6.5. ഭൂമിയുടെ ഉപയോഗവും ഉപജീവനവും

ഒരു കുടുംബം പദ്ധതി ആഘാതബാധിത പ്രദേശത്ത് താമസിക്കുന്നു. ഒരു കുടുംബത്തിൻെറ അടുക്കളത്തോട്ടം അവിടെയുണ്ട് പ്രസ്തുത സ്ഥലത്ത് അവർ വീട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു . ഒരു കുടുംബം അവിടെ ചായക്കട നടത്തുന്നു. ബാക്കി പ്രദേശമെല്ലം തുറസ്സായ സ്ഥലങ്ങളാണ്

## അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം

### 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

ബാധകമല്ല

### 7.2. ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ബാധകമല്ല

### 7.3. നിയമത്തിൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സഥ്ാപനത്തിനുമുള്ള അവകാശ ആക്ട്, 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക

### 7.4. ഭൂമി ആവശ്യപ്പെടുന്ന സഥാപനം നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതിരേഖയിൽ ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട്

### 7.5. പ്രത്യഘാതത്തിൻെറ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്താവുന്ന മാറ്റങ്ങൾ

ബാധകമല്ല

### 7.6. ആഘാതം കുറയ്ക്കുവാനുള്ള വിശദമായ പ്ലാൻ

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി

# സ്ഥാപന സംവിധാനം

## 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

RTFCTLARR നിയമം 2013 ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനരധിവാസ പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ് പനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

RTFCTLARR നിയമം 2013 ൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി നിർദ്ദിഷ്ടപദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുവാൻ സാധിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്നപ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനരധിവാസ-പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനഅധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പ്രതിനിധികൾ പുനരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും. എന്നാൽ പദ്ധതി പ്രദേശത്ത് ആരുംതന്നെ താമസിക്കുന്നില്ലാത്തതിനാൽ പുനരധിവാസം ആവശ്യമായി കാണുന്നില്ല

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ ബഡ്ജറ്റ്

**9.1.** പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

ബാധകമല്ല

**9.2.** വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

**10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ**

ബാധകമല്ല

**10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും**

ബാധകമല്ല

**10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ**

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും കോട്ടങ്ങളും – അപഗ്രഥനം

## ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

ആഘാത ബാധിത പ്രദേശത്ത് താമസിക്കുന്ന ഒരു കുടുംബത്തെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. വീട് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം നഷ്ടപ്പെടുന്ന ഒരുകുടുംബത്തെയും പുനസ്ഥാപിക്കേണ്ടിവരും. ആയതിനാൽ പദ്ധതിയ്ക്ക് പുനരധിവാസം ആവശ്യമുണ്ട്.

ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പേരുടെയും ജീവിതമാർഗം മത്സ്യബന്ധനവും കൃഷിയുമാണ്. കായലിലും ആഴക്കടലിലും ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയാണ് ഇവർ മത്സ്യം പിടിക്കുന്നത്. യന്ത്രവത്കൃത ബോട്ടുകളും പരമ്പരാഗത വഞ്ചികളും എല്ലാ കാലാവസ്ഥയിലും സുരക്ഷിതമായ് കരയിൽ സൂക്ഷിക്കുന്നതുവഴി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ പദ്ധതി മൂലം കഴിയും. മത്സ്യബന്ധന ബോട്ടുകൾ കരയ്ക്കടുപ്പിക്കുവാൻ മതിയായ സൗകര്യങ്ങൾ, മത്സ്യങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുവാനും വിപണനത്തിനുമുള്ള സൗകര്യം, മണ്ണൊലിപ്പിൽ നിന്നും കരയെ സംരക്ഷിക്കൽ തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. മത്സ്യബന്ധന ബോട്ടുകളുടെ പ്രവർത്തന ചെലവ് കുറയുകയും അവയുടെ പ്രവർത്തി ദിനങ്ങൾ കൂടുകയും ചെയ്യും എന്നതിനാൽ പദ്ധതി ഈ മേഖലയിലെ സമൂഹ്യ-സാമ്പത്തിക മേഖലയിൽ ശുഭകരമായ ഫലമുളവാക്കും.

പ്രസ്തുത പദ്ധതി 2013 ലെ 30-ാം നമ്പർ ആക്ടിലെ സെക്ഷൻ 2(1)ബി(ii) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുവാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പൊതുജനതാൽപര്യത്തെ മുൻനിർത്തി ഈ പദ്ധതി ഒഴിവാക്കാനാകാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

*സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്*

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**രാജഗിരി. പി.ഒ., കളമശേരി**
**പിൻ: 683 104**
**ഫോൺ: 0484 2911330 – 332**